# സംസ്ഥാന വാർത്തകൾ

**മൂന്നാം വർഷം ബിരുദം നേടാനാകും വിധം കോഴ്സ്; നാലുവർഷം പഠിച്ചാൽ ഓണേഴ്സ്**

നാലു വർഷ ഡിഗ്രി കോഴ്സിൽ ചേരുന്നവർക്ക് മൂന്നാം വർഷ പരീക്ഷ എഴുതി ബിരുദം നേടി പുറത്തുപോകാനും നാലാം വർഷ പരീക്ഷ പാസാകുന്നവർക്ക് ഓണേഴ്സ് ബിരുദം ലഭിക്കാനുമുള്ള കരട് പാഠ്യപദ്ധതി ചട്ടക്കൂട് ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റിയിൽ അവതരിപ്പിച്ചു. ഓണേഴ്സ് നേടുന്നവർ പിജി കോഴ്സിന് ഒരു വർഷം പഠിച്ചാൽ മതി. രണ്ടാം വർഷ പിജിക്കു ലാറ്ററൽ എൻട്രിയിലൂടെ ഇവർക്ക് പ്രവേശനം നൽകും. നാലു വർഷ കോഴ്സിൽ പ്രോജക്ടുകൾക്കു പ്രാധാന്യം നൽകും. ഇപ്പോഴുള്ള മൂന്നുവർഷ കോഴ്സ് ഇനിയുണ്ടാവില്ല. അടുത്ത അക്കാദമിക് വർഷം നടപ്പാക്കുന്ന പുതിയ 'നാലു വർഷ - മൂന്നു വർഷ' ബിരുദ കോഴ്സിന്റെ കരട് പാഠ്യപദ്ധതി ചട്ടക്കൂടാണ് ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റിയുടെ ആദ്യ യോഗത്തിൽ അവതരിപ്പിച്ചത്. സമിതി അംഗങ്ങൾക്ക് അഭിപ്രായം അറിയിക്കാൻ ഒരാഴ്ച സമയം അനുവദിക്കും. യുജിസിയുടെ മാർഗനിർദ്ദേശം അനുസരിച്ചുള്ള പുതിയ ഘടനയാണ് പുതിയ ഡിഗ്രി കോഴ്സിന് നിലവിൽ വരിക. ഒന്നും രണ്ടും വർഷങ്ങളിൽ ഭാഷാ വിഷയങ്ങൾക്ക് നൽകുന്ന അമിത പ്രാധാന്യം ഇല്ലാതാകും. പകരം മുഖ്യ വിഷയത്തിനു പ്രാധാന്യം ലഭിക്കും. സയൻസ് പഠിക്കുന്നവർക്ക് മറ്റ് വിഷയങ്ങൾ കൂടി പഠിക്കാം. ആർട്സ് പഠിക്കുന്നയാളിനു സാങ്കേതിക വിഷയങ്ങളിൽ താൽപര്യം ഉണ്ടെങ്കിൽ പഠിക്കാം. കരിക്കുലം കമ്മിറ്റി അംഗങ്ങളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ച കഴിഞ്ഞു വീണ്ടും യോഗം ചേർന്ന് പാഠ്യപദ്ധതി ചട്ടക്കൂടിന് അന്തിമ രൂപം നൽകും. ഇത് ഈ മാസം അവസാനത്തോടെ സർവ്വകലാശാലകൾക്ക് കൈമാറും. സർവ്വകലാശാലകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് ആണ് പാഠ്യപദ്ധതിയുടെ ഉള്ളടക്കം തീരുമാനിക്കുക. പാഠ്യപദ്ധതി രൂപകൽപനയിൽ വിദ്യാർത്ഥി കേന്ദ്രീകൃത സമീപനം വളർത്തിയെടുക്കണമെന്നു യോഗത്തിൽ മന്ത്രി ആർ. ബിന്ദു നിർദ്ദേശിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 28 വിദഗ്ധർ പങ്കെടുത്തു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ, കരിക്കുലം കമ്മിറ്റി ചെയർമാൻ ഡോ. സുരേഷ്ദാസ്, ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, ഡോ. ഗംഗൻ പ്രതാപ്, ഡോ. എം.എസ്. രാജശ്രീ, ഡോ. മീന ടി. പിള്ള, ഡോ. അംബർ ഹബീബ്, ഡോ. കെ. ജി. ഗോപ്ചന്ദ്രൻ, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. എ. സന്തോഷ്, ഡോ. എ. പ്രവീൺ, ഡോ. സി. പത്മനാഭൻ, ഡോ. ഗബ്രിയേൽ സൈമൺ തട്ടിൽ, ഡോ. ആൽഡ്രിൻ ആന്റണി തുടങ്ങിയവർ പങ്കെടുത്തു.

**(മ.മ., 01/02)**